STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.218/PR/SPMC/PHQ/2022 Date: 26.10.2022

## ശബരിമല തീർത്ഥാടനം: പോലീസ് സംവിധാനങ്ങൾ ഡി.ജി.പി വിലയിരുത്തി

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പോലീസിന്റെ മുന്നൊരുക്കങ്ങൾ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ഓൺലൈൻ യോഗത്തിൽ വിലയിരുത്തി. ജില്ലാ പോലീസ് മേധാവിമാരും റേഞ്ച് ഡി.ഐ.ജിമാരും സോൺ ഐ.ജിമാരും ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

ശബരിമല തീർത്ഥാടകരുടെ വാഹനങ്ങൾ അപകടത്തിൽ പെടുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. സ്ഥിരമായി അപകടങ്ങൾ നടക്കുന്ന സ്ഥലത്തും ബ്ലാക്ക് സ്പോട്ടുകളിലും പോലീസ് പ്രത്യേകശ്രദ്ധ പുലർത്തും. ഇതിനായി പ്രത്യേക പട്രോളിങ് സംവിധാനം ഏർപ്പെടുത്തും.

എല്ലാ പ്രധാന റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും ഇടത്താവളങ്ങളിലും പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കും. പ്രധാന ജംഗ്ഷനുകൾ ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ 24 മണിക്കൂറും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പാക്കും.

സ്നാനഘട്ടങ്ങളിൽ അവശ്യമായ പ്രകാശം ഉറപ്പാക്കാനും ആഴം സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കാനും ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കും. ടാക്സി വാഹനങ്ങളിലും മറ്റും യാത്രാനിരക്കുകൾ സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്ന നടപടി ഏകോപിപ്പിക്കും.

അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാനും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

******************